**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5242** **12-08-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിന് ശേഷമുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ ട്രഷറി ഇടപാടുകളും ഓൺലൈനായിട്ടാണ് നടക്കുന്നത്. ട്രഷറിയിൽ നിന്നുമുള്ള എല്ലാ പേയ്മെന്റും ഇലക്ട്രോണിക്കായി ഇടപാടുകാരുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. തൻമൂലം പണമിടപാടിലെ കാലതാമസം ഒഴിവായി. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുക വഴി ഇടപാട് സുതാര്യമായി. സർക്കാരിലേക്ക് അടയ്ക്കേണ്ട എല്ലാ വരവുകളും ഓൺലൈനായി സ്വീകരിക്കുന്നതിനായി ഇ-ട്രഷറി നടപ്പിലാക്കിയതോടുകൂടി 24*7 രീതിയിൽ ഇന്ത്യയിൽ എവിടെ നിന്നും പണം സർക്കാരിലേക്ക് അടയ്ക്കുന്നതിന് കഴിയുന്നു. ഇതര വകുപ്പുകളുടെ സോഫ്റ്റ് വെയറുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഇ-ട്രഷറിയ്ക്ക് ഉള്ളതുകൊണ്ട് ഇടപാടുകാർക്ക് പല സ്ഥലത്ത് കയറി ഇറങ്ങേണ്ട സാഹചര്യം ഒഴിവായി. ഇ-ബിൽ ബുക്ക് ഏർപ്പെടുത്തിയതോടു കൂടി ട്രഷറിയിലേക്കുള്ള ബിൽ സമർപ്പണം കൂടുതൽ സുഗമമായി. ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്നതുകൊണ്ടും പേപ്പർലെസ് ബിൽ സിസ്റ്റത്തിലേക്ക് മാറുന്നതുകൊണ്ടും ഇടപാടുകൾക്ക് ട്രഷറിയിലേക്ക് പോകേണ്ട സാഹചര്യം ഒഴിവായി. ധനസ്ഥിതിയുടെ തൽസ്ഥിതി ലഭിക്കുന്നതുമൂലം ധനകാര്യ മാനേജ്മെന്റ് കൂടുതൽ വേഗത്തിലും ശരിയായും എടുക്കുന്നതിനു കഴിയുന്നു. കണക്കുണ്ടാക്കുന്നതും അത് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതും വേഗത്തിലും സുഗമവുമായിത്തീർന്നു. |
| (ബി) | നെറ്റ്‌വർക്കിന്റെയും സോഫ്റ്റ് വെയറിന്റെയും സെർവറിന്റെയും ന്യൂനത മൂലം ഇടപാടുകാർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ | (ബി) | നിലവിലെ ട്രഷറി സെർവ്വർ 8 വർഷം പഴക്കമുള്ളതായിരുന്നു. മാത്രവുമല്ല ട്രഷറി ഇടപാടുകളുടെ വർധിച്ചുവരുന്ന ബാഹുല്യത്തിനനുസൃതമായി പ്രവർത്തിക്കാൻ |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | | തക്കവണ്ണം ശേഷിയുമുണ്ടായിരുന്നില്ല ഇത് പരിഹരിക്കുന്നതിനായി ഉയർന്ന സ്പെസിഫിക്കേഷനുള്ള പുതിയ സെർവ്വർ വാങ്ങി 05/2021-ൽ സ്ഥാപിച്ചു. ട്രഷറി സോഫ്റ്റ് വെയറിലോ നെറ്റ് വർക്കിലോ എന്തെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻ തന്നെ പരിഹരിക്കാറുണ്ട്. |
| (സി) | കോവിഡ് കാലത്തും ട്രഷറി സേവനങ്ങൾക്കായി ഇടപാടുകാർ നേരിട്ട് വരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സൗകര്യപ്രദമായ തരത്തിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ അപ്പോൾ തന്നെ എസ്.എം.എസ്. മുഖേന നൽകുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ; | (സി) | റ്റി.എസ്.ബി അക്കൗണ്ടുകളിൽ നിന്ന് എ.ടി.എം വഴി പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും RBI യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ട്രഷറി ഇടപാടുകൾക്ക് SMS-alert നൽകുന്നതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണം പുരോഗമിക്കുന്നു. |
| (ഡി) | ട്രഷറി മുഖേനയുള്ള സാമ്പത്തിക ഇടപാടുകളുടെ സുരക്ഷിതത്വവും സുതാര്യതയും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ഉതകുന്ന പ്രചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ട്രഷറി വകുപ്പിന്റെ വെബ് സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെ ഇടയിൽ പ്രചാരണം നടത്തിയും വാട്ട്സ് ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും പൊതുജനസമ്പർക്ക വകുപ്പിന്റെ സഹായത്തോടെയും ട്രഷറി നൽകുന്ന സേവനങ്ങളെ കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെ കുറിച്ചും ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തെ കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ